പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 2704** 12.10.2011 ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളുടെ സേവനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ബാബു എം. പാലിശ്ശേരി** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) | പൊതുമേഖലാ ബാങ്കുകളും, സ്വകാര്യബാങ്കിങ് സ്ഥാപനങ്ങളും അവയുടെ പ്രവർത്തനം ഗ്രാമീണ മേഖലയിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ ബാങ്കുകളിൽ പ്രവർത്തന മാന്ദ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | സഹകരണ ബാങ്കുകളുടെ സേവനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിക്ഷേപകരെയും ഇടപാടുകാരെയും ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ബി) | നിക്ഷേപകരെയും ഇടപാടുകാരെയും ആകർഷിക്കുന്നതിനായി സഹകരണ ബാങ്കുകൾ നിക്ഷേപകരിൽ നിന്നും ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപം സ്വീകരിക്കുകയും മുതിർന്ന പൗരന്മാർക്ക് കൂടുതൽ പലിശ നൽകുകയും ചെയ്യുന്നുണ്ട്. വായ്പ ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വായ്പ തിരിച്ചടയ്ക്കേണ്ട കാലാവധി 10 വർഷമായി ദീർഘിപ്പിച്ചതുകാരണം, വായ്പാതവണകൾ വർദ്ധിക്കുകയും, തവണ തുകകൾ കുറയുകയും ചെയ്തിട്ടുണ്ട്. യഥാസമയം കാർഷിക വായ്പ തിരിച്ചടക്കുന്നവർക്ക് 5 ശതമാനം പലിശ സബ്സിഡി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ പല ബാങ്കുകളുടെയും പ്രവർത്തന സമയം അതാതു ബാങ്കുകളുടെ ഭരണ സമിതി ദീർഘിപ്പിക്കുകയും സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ കൂടുതൽ ശാഖകൾ തുറന്ന്, കൂടുതൽ സേവനങ്ങൾ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടപാടുകാർക്ക് കുറേക്കൂടി മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് പരമാവധി സംഘങ്ങൾ/ബാങ്കുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| സി) | ഗോൾഡ് ലോൺ തുടങ്ങിയ സൗകര്യങ്ങൾ ഞായറാഴ്ചകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) | സഹകരണ ബാങ്കുകളുടെ പ്രവർത്തന സമയം നിശ്ചയിക്കുന്നത് അതാതു ബാങ്കുകളുടെ ഭരണ സമിതിയാണ്. സംസ്ഥാനത്തെ ചില സഹകരണ ബാങ്കുകൾ ഞായറാഴ്ച പ്രവർത്തിക്കുകയും, ആഴ്ചയിലെ മറ്റൊരു ദിവസം അവധി ദിവസമായും പ്രവർത്തിക്കുന്നുണ്ട്. ഇടപാടുകാരുടെയും, അംഗങ്ങളുടെയും ആവശ്യകതയും, സൗകര്യവും കണക്കിലെടുത്ത് ഞായറാഴ്ച ഗോൾഡ് ലോൺ സൗകര്യവും ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത് അതാത് ബാങ്കുകളുടെ ഭരണസമിതികളാണ്. |

**സെക്ഷൻ ഓഫീസർ**